# പതിമൂന്നാം കേരള നിയമസഭ
## 14-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3328** **14.07.2015-ൽ മറുപടിയ്ക്ക്**

ചോദ്യം ഉത്തരം

ശ്രീ.എ. പ്രദീപ്കുമാർ

ശ്രീ.കെ.എം.മാണി
ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| എ) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് വിവിധ ഇനങ്ങളിലായി മൊത്തം ചെലവായ തുകയുടെ കണക്കുകൾ ഓരോ ഘട്ടപരിപാടിയുടേയും അടിസ്ഥാനത്തിൽ വിശദമാക്കാമോ ; | ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് വിവിധ ഇനങ്ങളിലായി 2011-ൽ നടന്ന ഒന്നാം ഘട്ടത്തിന് 4,42,64,647 /- രൂപയും, 2013-ൽ നടന്ന രണ്ടാം ഘട്ടത്തിന് 4,79,92,617/- രൂപയും വിവിധ വകുപ്പുകളുടേതായി ചെലവു വന്നിട്ടുണ്ട്. 2015 ൽ നടന്ന മൂന്നാം ഘട്ട പരിപാടിയുടെ ചെലവു വിവരങ്ങൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ മുഖേന ക്രോഡീകരിച്ചു വരുന്നു. ചെലവുകൾ അന്തിമമാക്കപ്പെട്ടിട്ടില്ല. പ്രാരംഭ ചെലവുകൾക്കായി ജില്ലാ കളക്ടർമാർക്ക് 99,50,000/ - രൂപ അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ 2013-14 ൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് സമഗ്ര കമ്പ്യൂട്ടർ വത്ക്കരണത്തിനും വീഡിയോ ഡോക്യുമെന്റേഷനുമായി 2013-14 ൽ 97,00,000/- രൂപയും 2014-15-ൽ 96,30,000 രൂപയും ചെലവു വന്നിട്ടുണ്ട്. |

| | |
|---|---|
| ബി) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഏതെല്ലാം ചെലവുകളുടെ ബില്ലുകൾ നാളിതു വരെ ട്രഷറിയിൽ നിന്നു മാറിക്കൊടുക്കാൻ സാദ്ധ്യമായിട്ടില്ലെന്നറിയിക്കാമോ? | രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ ചെലവിനത്തിൽ പത്തനംതിട്ട ജില്ലയിൽ 2,83,697/- രൂപയുടെയും, തൃശ്ശൂർ ജില്ലയിൽ 24,86,250/- രൂപയുടെയും, പാലക്കാട് ജില്ലയിൽ 8,03,000/- രൂപയുടെയും മലപ്പുറം ജില്ലയിൽ 20,84,616/- രൂപയുടെയും ചേർത്ത് ആകെ 56,57,563/- രൂപയുടെ ബില്ലുകൾ വിവിധ വകുപ്പുകൾക്കായി ട്രഷറിയിൽ നിന്നും മാറി നൽകുവാൻ ബാക്കിയുണ്ട്. |

അക്കൗണ്ടന്റ് ഓഫീസർ